# 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

2018 ഡിസംബർ 6-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

1607/2018.

# ഉള്ളടക്കം

പേജ്

1. സമിതിയുടെ ഘടന .. v
2. റിപ്പോർട്ട് .. 1
3. അനുബന്ധം :
   I വിയോജനക്കുറിപ്പ് .. 3
   II സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ .. 5

# സബ്ജക്ട് കമ്മിറ്റി I

## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
## (2016 -2018)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ,
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എൻജിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. എ. പി. അനിൽകുമാർ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. എം. നൗഷാദ്

ശ്രീ. എസ്. ശർമ്മ

ശ്രീ. എം. വിൻസെന്റ്

ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

# 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കായി അയച്ച 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ (ബിൽ നമ്പർ 170), സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ 2018 നവംബർ 24-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2018 ഡിസംബർ 3-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2018 ഡിസംബർ 4-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2018 ഡിസംബർ 4.

അനുബന്ധം I

## വിയോജനക്കുറിപ്പ്

മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31-12-2007 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് നിലവിൽ കടാശ്വാസം നൽകിവരുന്നുണ്ട്. ഈ കടാശ്വാസം ഒരു വർഷം കൂടി വർദ്ധിപ്പിച്ചുകൊണ്ട് 31-12-2008 വരെ വായ്പ എടുത്തവരെക്കൂടി ഉൾപ്പെടുത്താനാണ് പ്രസ്തുത ബിൽ കൊണ്ടുവന്നിരിക്കുന്നത്.

ഓഖിയും പ്രളയവും സൃഷ്ടിച്ച ആഘാതങ്ങൾ മൂലം മത്സ്യത്തൊഴിലാളി മേഖല കടുത്ത പ്രതിസന്ധിയിലാണ്. നിരവധി കുടുംബങ്ങൾ അനാഥമാകുകയും, നിരവധി പേർക്ക് വീടുകളും, ജീവനോപാധിയും നഷ്ടപ്പെടുകയും ചെയ്തു. ഈ പ്രത്യേക സാഹചര്യത്തിൽ കടാശ്വാസം ലഭ്യമാകുന്ന വായ്പകളുടെ പരിധി ഒൻപത് വർഷം കൂടി വർദ്ധിപ്പിച്ചുകൊണ്ട് 31-12-2016 വരെ ആക്കാത്തത് പ്രതിഷേധാർഹമാണ്. രാജ്യത്ത് ഇന്ധനത്തിന്റെയും മണ്ണെണ്ണയുടെയും വില കുത്തനെ ഉയരുന്ന സാഹചര്യത്തിൽ, മുതൽ ഇനത്തിലുള്ള പരമാവധി കടാശ്വാസ തുകയായ 75,000 രൂപയും പലിശയുടെ 25 ശതമാനവും നൽകിവരുന്ന നിലവിലെ കടാശ്വാസം ഉയർത്താത്തതും മത്സ്യ തൊഴിലാളികളോട് കാട്ടുന്ന കടുത്ത അനീതിയാണ്. കേന്ദ്ര സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉത്തമർണ്ണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ ഈ ബില്ലിന്റെ പരിധിയിൽ വരുന്നില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകൾ സർക്കാർ സബ്സിഡി ഇനത്തിൽ നൽകാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. കടുത്ത പ്രതിസന്ധി നേരിടുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുവാൻ സാധിക്കാത്ത ഈ ബില്ലിനെതിരെ വിയോജനം രേഖപ്പെടുത്തുന്നു.

എ. പി. അനിൽ കുമാർ (ഒപ്പ്)

<u>അനുബന്ധം II</u>

# 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

<u>പീഠിക</u>.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് (2008-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്ടിന് 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>5-ാം വകുപ്പിന്റെ ഭേദഗതി</u>.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ (2008-ലെ 18) (ഇതിനു ശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക), 5-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ (ഐ) ഇനത്തിൽ "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) (1)-ാം ഉപവകുപ്പിലെ (ജെ) ഇനത്തിന് പകരം താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(ജെ) 9 <u>എ</u> വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള മത്സ്യത്തൊഴിലാളികളുടെ വായ്പാ തുക സർക്കാർ ഏറ്റെടുക്കുന്നതിന് ശിപാർശ ചെയ്യുന്നതിനും;

(കെ) 9 <u>എ</u> വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് മത്സ്യത്തൊഴിലാളി സഹകരണസംഘത്തിന് ഉത്തരവ് നല്കുന്നതിനും; കൂടാതെ

(എൽ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും.";

(iii) (6)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"(7) (2)-ാം ഉപവകുപ്പിലെയോ 9 എ വകുപ്പിലെയോ 11-ാം വകുപ്പിലെയോ ഏതെങ്കിലും വ്യവസ്ഥയ്ക്കോ, അങ്ങനെയുള്ള വ്യവസ്ഥകൾ പ്രകാരം സർക്കാരോ കമ്മീഷനോ പുറപ്പെടുവിക്കുന്ന ഉത്തരവിനോ അവാർഡിനോ എതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി, ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ ഏതൊരാളും സ്വീകരിച്ചാൽ അയാൾക്കെതിരെ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിനോ, പിഴ ചുമത്തുന്നതിനോ, പ്രോസിക്യൂഷൻ നടപടികൾ ശിപാർശ ചെയ്യുന്നതിനോ മുൻപ് ബന്ധപ്പെട്ട വ്യക്തിക്ക്, അയാൾക്ക് ബോധിപ്പിക്കാനുള്ളത് കമ്മീഷന് മുമ്പാകെ ബോധിപ്പിക്കാൻ ന്യായമായ അവസരം നൽകേണ്ടതും, ഇത്തരം നടപടികൾ സ്വീകരിക്കുന്നതിനായി 8-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ബഞ്ചിൽ കമ്മീഷൻ ചെയർപേഴ്സൺ സന്നിഹിതനായിരിക്കേണ്ടതുമാണ്.".

3. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 6-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ "2007 ഡിസംബർ 31" എന്ന അക്കങ്ങൾക്കും വാക്കിനും പകരം "2008 ഡിസംബർ 31" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

4. 9 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്ടിലെ 9-ാം വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"9 എ. കടൽക്ഷോഭമോ, മറ്റ് ദുരന്തങ്ങൾ മൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പകളുടെ തീർപ്പാക്കൽ.—(1) ഈ ആക്ടിൽ ഇതിനു വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ദുരിതബാധിത പ്രദേശത്തെയോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ, കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ നഷ്ടമോ കേടുപാടുകൾ തീർക്കാനാവാത്ത വിധം അവയ്ക്ക് നാശമോ ഉണ്ടാവുകയോ ചെയ്തിട്ടുള്ളതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നപക്ഷം, വായ്പ

തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് കമ്മീഷന് സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.

(2) നഷ്ടപ്പെട്ടതോ കേടുപാടുകൾ തീർക്കാനാവാത്തവിധം നാശം സംഭവിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം പുതിയവ സ്വായത്തമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് കമ്മീഷന് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണസംഘത്തിന് ഉത്തരവ് നൽകാവുന്നതും ആയതിൻ പ്രകാരം ബന്ധപ്പെട്ട സംഘം പുതിയ വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടം ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ, കടാശ്വാസത്തിന് അർഹതയില്ലായെന്ന് കമ്മീഷൻ കണ്ടെത്തുന്നതുവരെയോ, മത്സ്യത്തൊഴിലാളി അടച്ച് തീർക്കേണ്ട കുടിശ്ശിക തുക വസൂലാക്കുന്നതിന് ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ യാതൊരാളും യാതൊരു നടപടിയും അങ്ങനെയുള്ള മത്സ്യത്തൊഴിലാളിക്ക് എതിരായി പുതുതായി എടുക്കാൻ പാടില്ലാത്തതും, അങ്ങനെ ആരംഭിച്ചതോ, നടത്തിവരുന്നതോ ആയ ഏതെങ്കിലും വ്യവഹാരമോ അപേക്ഷയോ അപ്പീലോ ഹർജിയോ മറ്റു നടപടിയോ ഉണ്ടെങ്കിൽ ആയത് നിർത്തിവയ്ക്കേണ്ടതുമാണ്.".

5. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 53) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2018 ഡിസംബർ 4.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*